# Deepika

## 25 August 2018

## Alappuzha ; Flood,  Flood Relief



സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ചെത്തിപ്പുഴ പ്ലാസിഡ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലെ ജനങ്ങളോട് സംസാരിക്കുന്നു. ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമീപം.

# ദുരിതബാധിതർക്കു സാന്ത്വനമേകി കർദിനാൾ മാർ ആലഞ്ചേരി

**ആലപ്പുഴ:** പ്രളയക്കെടുതിയിൽ വീടുകളിൽ പോകാനാകാതെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്കു സാന്ത്വനമേകി സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി.

ഇന്നലെ ആലപ്പുഴയിലെ വിവിധ ദുരിതാശ്വാസക്യാമ്പുകളിൽ അദ്ദേഹം സന്ദർശനം നടത്തി. ക്യാമ്പിലുള്ളവർക്കു മനോധൈര്യവും പ്രചോദനവും നൽകുന്നതായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനം. നർമം കലർന്ന ഭാഷണത്തിലൂടെ എല്ലാവർക്കും സാന്ത്വനം പകർന്ന കർദിനാൾ കൂട്ടായ്മയ്ക്കായി ദൈവം നല്കിയ അവസരമായി പ്രകൃതി നല്കിയ പ്രഹരത്തെ കാണണമെന്ന് ഉദ്ബോധിപ്പിച്ചു.

ജാതി, മതഭേദമില്ലാതെ പരസ്പരം കരുതുന്നവരാണ് എല്ലാവരുമെന്നു പ്രളയം നമ്മെ ഓർമിപ്പിക്കുന്നു. ഈശ്വരൻ കരുണയുള്ളവനാണ്. പരാതി പറഞ്ഞു സമയം പാഴാക്കരുത്. കഷ്ടപ്പാടുകളെ അതിജീവിക്കണമെന്നും കർദിനാൾ പറഞ്ഞു. എന്നും ഓണമാണെങ്കിൽ എന്ത് ജീവിതമെന്നും കഷ്ടതകളിലൂടെ കടന്നുപോകാനും നമ്മൾ ശീലിക്കണമെന്ന് ഓണാശംസകൾ നേർന്നുകൊണ്ട് അദ്ദേഹം പറഞ്ഞു.

ചേർത്തലയിലെ ക്യാമ്പ് സന്ദർശനത്തിനു ശേഷം ആലപ്പുഴയിലെത്തിയ കർദിനാളിനെ ആലപ്പുഴ ഫൊറോന വികാരി ഫാ. ജോസഫ് വാണിയപുരയ്ക്കൽ, അസി. വികാരി ഫാ. തോമസ് മുട്ടേൽ, ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, ഫാ. മാർട്ടിൻ കുരിശിങ്കൽ, യുവദീപ്തി പ്രസിഡന്റ് നിതിൻ ചൂണ്ടാപ്പള്ളി എന്നിവർ അനുഗമിച്ചു. തുമ്പോളി മാതാ സീനിയർ സെക്കൻഡറി സ്കൂൾ, ആലപ്പുഴ സെന്റ് ജോസഫ്സ് കോളജ്, സെന്റ് ജോസഫ്സ് സ്കൂൾ, തത്തംപള്ളി സെന്റ് മൈക്കിൾസ്, പഴവങ്ങാടി സെന്റ് ആന്റണീസ്, കാർമൽ സ്കൂൾ, പുന്നപ്ര കാർമൽ ഇന്റർനാഷണൽ സ്കൂൾ, പുന്നപ്ര സെന്റ് അലോഷ്യസ് എച്ച്എസ്എസ്, പുന്നപ്ര സെന്റ് ഗ്രിഗോറിയോസ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്യാമ്പുകൾ അദ്ദേഹം സന്ദർശിച്ചു.

തുടർന്ന് ഉച്ചയോടെ അദ്ദേഹം ചങ്ങനാശേരിയിലെ ക്യാമ്പ് സന്ദർശനത്തിനായി പോയി.